ശ്രീ. ടി. കെ. ദിവാകരൻ : ആ പ്ലാൻറ് ആ കമ്പനിയിൽനിന്നും എടുത്തു പ്രയോഗിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്പനി എടുത്തു ഉപയോഗിച്ചിട്ടില്ല. ഗവണ്മെൻറ് അതെടുത്തു ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ആ പ്ലാൻറ് ഗവണ്മെൻറിലേക്ക് എടുത്തിട്ടു അതിൻറെ വില കമ്പനിയിൽനിന്നും ഈടാക്കാനുള്ള തുക കുറവുചെയ്യാനാണോ ഉദ്ദേശിക്കുന്നതു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു ഗവണ്മെൻറിൻറെ ഉദ്ദേശം.

ശ്രീ. ടി. കെ. ദിവാകരൻ : അതു സ്ഥാപിച്ചു നടത്തുന്നതു ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽനിന്നുമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. ടി. കെ. ദിവാകരൻ : അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഈ കമ്പനിക്കു കൂടുതൽ ധനസഹായം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

Sitaram spinning and weaviny Mills Ltd.

*577 [29] SHRI P. V. AVIRA THARAKAN: Will the Minister for Industries be pleased to state:

The quantity of cloth produced in the Sitaram Spinning and Weaving Mills Ltd., Trichur in 1951-52; 53-54 and 54-55 as also the prices (average) in the said years?

Chief Minister (SHRI PANAMPILLI GOVINDA MENON):

The quantity of cloth produced in 1951 9422566 Yds.

The quantity of cloth produced in 1952 9785543 Yds.

Cloth production during 1954 was 12098944 Yds.

Production up to the end of July 1955 was 7014813 Yds.

ശ്രീ. പി. വി. അവിരാതരകൻ : അതിൻറെ പ്രൈസ് എന്താണെന്നു പറഞ്ഞതില്ല.

SHRI PANAMPILLI GOVINDA MENON: The average prices for the years 1951 and 1952 cannot be compared with the corresponding prices during 1954 and 1955 as formerly cloth was manufactured using costly American cotton, whereas now only Indian cotton is used. Also, some varieties produced then are not being produced now and *vice versa* making it impossible to make any comparison between price levels due to these reasons.

LIBRARY ARCHIVES Kerala Legislative Assembly